**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4087** **03-03-2023 - ൽ മറുപടിയ്ക്ക്**

**അഗതി-അനാഥ-വൃദ്ധ മന്ദിരങ്ങളിലെ അന്തേവാസികൾക്കുള്ള റേഷൻ വിതരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മുൻഗണനാ വിഭാഗം റേഷൻ കാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി 1,54,800,40 അംഗങ്ങൾ എന്ന് കേന്ദ്ര സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. 2011 ലെ സെൻസസിനെ അടിസ്ഥാനമാക്കി കേന്ദ്രം നിശ്ചയിച്ചിട്ടുള്ള മുൻഗണനാ പരിധിയിൽ സംസ്ഥാനത്തിൽ നിന്നും 46.34 ശതമാനം ജനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. 2011നു ശേഷം സെൻസസ് നടന്നിട്ടില്ല. ആധാർ സ്റ്റാറ്റിസ്റ്റിക്സ് പ്രകാരം സംസ്ഥാനത്തിന്റെ ജനസംഖ്യ 3,53,30,888 ആയി ഉയർന്നിട്ടുണ്ട്. ടി ജനസംഖ്യയ്ക്ക് ആനുപാതികമായി 892294 (16372334 – 15480040) അംഗങ്ങളെ കൂടി മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ സാധിക്കുന്നതാണ്. ജനസംഖ്യയിലുണ്ടായ വർദ്ധനവും റേഷനിംഗ് മേഖലയിൽ സംസ്ഥാനം 100% ആധാർ സീഡിംഗ് കൈവരിച്ചിട്ടുള്ളതും പരിഗണിച്ച് സംസ്ഥാനത്തിന്റെ മുൻഗണനാ പരിധിയും ഭക്ഷ്യധാന്യ വിഹിതവും വർദ്ധിപ്പിച്ചു നൽകുന്നതിന് മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും നിരവധി തവണ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നെങ്കിലും അടുത്ത സെൻസസിന്റെ അടിസ്ഥാനത്തിൽ മാത്രമേ ആയത് പരിഗണിക്കാനാകൂ എന്നാണ് കേന്ദ്രം വ്യക്തമാക്കിയിട്ടുള്ളത്. |
| (ബി) | അഗതി-അനാഥ-വൃദ്ധ മന്ദിരങ്ങളിലെ അന്തേവാസികൾക്കുള്ള റേഷൻ വിതരണ പദ്ധതിക്കായി നിലവിൽ കേന്ദ്രത്തിൽ നിന്ന് ഭക്ഷ്യധാന്യ വിഹിതം ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങൾക്കും ഹോസ്റ്റലുകൾക്കുമായി 4/2022 മുതൽ 9/2022 വരെയുള്ള കാലയളവിലേയ്ക്ക് വെൽഫെയർ സ്കീമിലുള്ള ഭക്ഷ്യധാന്യങ്ങൾ കേന്ദ്രത്തിൽ നിന്നും അനുവദിക്കുകയും ടി സാധനങ്ങൾ സമയബന്ധിതമായി വിട്ടെടുത്തു ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 10/2022 മുതൽ 03/2023 വരെയുള്ള കാലയളവിലേയ്ക്ക് ടി സ്ഥാപനങ്ങൾക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ